"ഭരണഭാഷ-മാതൃഭാഷ"

നം. 14120/എസിഭഎഡി 3/08/സി.ആർ.ഡി

ഗ്രാമവികസന കമ്മീഷണറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ-പി.ഒ., തിരുവനന്തപുരം
തീയതി : 26/05/2020

## ക്വട്ടേഷൻ

തിരുവനന്തപുരം, നന്തൻകോട് ജംഗഷനിൽ ഗ്രാമവികസന കമ്മീഷണറേറ്റ് ഉൾപ്പെടെ വിവിധ വകുപ്പുകളുടെ ഓഫീസുകളിലുമായി ഏകദേശം എണ്ണൂറോളം ജീവനക്കാർ ജോലി ചെയ്തു വരുന്ന സ്വരാജ് ഭവനിൽ, ഭക്ഷണശാലക്കായി പ്രത്യേകം നീക്കിവച്ചിരിക്കുന്ന 1300 സ്ക്വയർ ഫീറ്റ് സ്ഥലത്തു ചുവടെകാണുന്ന നിബന്ധനകൾക്ക് വിധേയമായി ഭക്ഷണശാല ഏറ്റെടുത്തു നടത്തുന്നതിന് യോഗ്യരായ സ്ഥാപനങ്ങളിൽ നിന്നും/ സംരംഭകരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

1. നിലവിൽ ഭക്ഷണശാല നടത്തുന്നവരിൽ നിന്നും മാത്രം ക്വട്ടേഷൻ സ്വീകരികരിച്ചു കൊള്ളുന്നു. പ്രഭാത ഭക്ഷണം, ലഘു ഭക്ഷണ, ഉച്ചഭക്ഷണം എന്നിവ നൽകേണ്ടതാണ്. ഇപ്രകാരം നൽകുവാൻ കഴിയുന്ന ഭക്ഷണത്തിന്റെ ഇനവും, വിലയും അളവും ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്.

2. ലഭിക്കുന്ന ക്വട്ടേഷനുകളിൽ നിന്നും ഗുണമേന്മയുടെയും വിലയുടെയും അടിസ്ഥാന ത്തിൽ അന്തിമമായ തീരുമാനം കൊള്ളുന്നതിനുമുള്ള പൂർണ്ണമായ അധികാരം സ്വരാജ് ഭവനിലെ ക്യാന്റീൻ സബ് കമ്മിറ്റിക്കാണ്.

3. പ്രസ്തുത കാന്റിനായി മാറ്റി വച്ചിരിക്കുന്ന സ്ഥലം ഭൂനിരപ്പിനു താഴെയുള്ള നിലയായതിനാൽ വലിയ തോതിലുള്ള പാചകം ചെയ്യുവാൻ പാടുള്ളതല്ല. എന്നാൽ ചായ, ലഘു ഭക്ഷണം എന്നിവ പാചകം ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നതാണ്.

4. വലിയ തോതിലുള്ള പാചകം അസാധ്യമായ സാഹചര്യത്തിൽ ചായയും ലഘു ഭക്ഷണവും ഒഴികെയുള്ള മറ്റ് ഭക്ഷണ സാധനങ്ങൾ പുറമെ നിന്ന് പാകം ചെയ്തു കൊണ്ടുവന്ന് വിതരണം ചെയ്യേണ്ടതും അതു മൂലമുണ്ടാകുന്ന എല്ലാ മാലിന്യങ്ങളും അതതു ദിവസം തന്നെ നടത്തിപ്പുകാരുടെ സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതുമാണ്.

5. ഭക്ഷണശാലയുടെ നടത്തിപ്പ് ചുമതല ലഭിക്കുന്നവർ ആയത് സംബന്ധിച്ച് സ്വരാജ് ഭവനിലെ ക്യാന്റീൻ സബ് കമ്മിറ്റിയിലെ തീരുമാനപ്രകാരം സി.ആർ.ഡി യുമായി ഒരു കരാറിൽ ഏർപ്പെടേണ്ടതും കരാർ തീയതി മുതൽ ഒരു വർഷത്തേക്കു മാത്രം പ്രവർത്തനാനുമതി നൽകുന്നതും പ്രവർത്തനത്തിന്റെ മികവിന്റെ അടിസ്ഥാന ത്തിൽ കരാർ കാലാവധി ആവശ്യമെങ്കിൽ ദീർഘിപ്പിച്ചു നൽകുന്നതുമാണ്.

6. കരാർ കാലാവധിക്കു മുമ്പു ഏതു സമയവും പ്രസ്തുത കരാർ റദ്ദു ചെയ്യുന്നതിനും മറ്റു സംരഭകരെ ഏൽപ്പിക്കുന്നതിനുമുള്ള പരിപൂർണ്ണ അധികാരം സ്വരാജ് ഭവനിലെ ക്യാന്റീൻ സബ് കമ്മിറ്റിയുമായി നിക്ഷിപ്തമാണ്.

7. ഭക്ഷണശാലയ്ക്കു ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ, വാഷ് ബെയ്സൻ, പാത്രം കഴുകുന്നതിനുള്ള സിങ്ക്, മറ്റു ഫർണിച്ചറുകൾ, ലൈറ്റുകൾ, ഫാനുകൾ എന്നിവ പ്രസ്തുത സ്ഥലത്ത് നിന്നും ലഭ്യമാക്കുന്നതാണ്.

8. ഭക്ഷണശാലയുടെ നടത്തിപ്പു ചുമതല ലഭിക്കുന്നവർ 25,000/- രൂപ (രൂപ ഇരുപത്തി അയ്യായിരം മാത്രം) കരുതൽ തുകയായി നൽകേണ്ടതും, പ്രവർത്തനം അവസാനിപ്പിക്കുമ്പോൾ ഭക്ഷണശാലയ്ക്കു ഏതെങ്കിലും തരത്തിലുള്ള നാശമോ നഷ്ടമോ സംഭവിച്ചാൽ ആയതു ടി കരുതൽ തുകയിൽ നിന്നും ഈടാക്കുന്നതായിരിക്കും അല്ലാത്ത പക്ഷം മുഴുവൻ തുകയും മടക്കി നൽകുന്നതാണ്.

9. ഭക്ഷണശാലയും പരിസരവും എപ്പോഴും ശുചിയായി സൂക്ഷിക്കേണ്ടതാണ്.

10. ഓഫീസ് പ്രവർത്തി സമയങ്ങളിൽ തുറന്നു പ്രവർത്തിക്കേണ്ടതും അടിയന്തിര സാഹചര്യങ്ങളിൽ മുൻകൂർ അനുമതിയില്ലാതെ ഭക്ഷണശാല പ്രവർത്തിക്കാതിരിക്കുവാൻ പാടുള്ളതല്ല.

ടി നിബന്ധനകൾക്കു വിധേയമായി സീൽ ചെയ്ത ക്വട്ടേഷനുകൾ **15/06/2020**. വൈകുന്നേരം 3 മണിയ്ക്കു മുമ്പായി നൽകേണ്ടതും 4 മണിക്കു കവറുകൾ തുറക്കുന്നതും കമ്മിറ്റിയുടെ പരിശോധനയ്ക്കു വിധേയമായി അന്തിമ തീരുമാനം കൈക്കൊള്ളുന്നതുമാണ്.

എല്ലാ പ്രവർത്തി സമയത്തും ഭക്ഷണശാലക്കായി നീക്കിയിരിക്കുന്ന സ്ഥലം സന്ദർശിക്കാവുന്നതാണ്.

| | | | |
|---|---|---|---|
| 1. | ക്വട്ടേഷൻ സമർപ്പിക്കേണ്ട ഓഫീസ് | : | ഗ്രാമവികസന കമ്മീഷണറേറ്റ്<br>സ്വരാജ് ഭവൻ, നന്ദൻകോട്<br>(എസി & എഡി സെക്ഷൻ) |
| 2. | തീയതി 26/05/2020 | : | **15/06/2020** വൈകുന്നേരം 3 മണി. |

COMMISSIONERATE OF RURAL DEVELOPMENT * THIRUVANANTHAPURAM *

(ഒപ്പ്)
റീത്ത എസ് പ്രഭ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഗ്രാമവികസന കമ്മീഷണർക്കുവേണ്ടി

പകർപ്പ്:-

1. നോട്ടീസ് ബോർഡ്, സ്വരാജ് ഭവൻ.
2. സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ (ആമുഖ കത്ത് സഹിതം)
3. ജില്ലാ കളക്ടർ, കളക്ടറേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. എ.ഡി.സി. (ജനറൽ), തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

ഉത്തരവിൻപ്രകാരം

സീനിയർ സൂപ്രണ്ട്

എസ്.